**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 984** **11-02-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തു വന്യജീവി ആക്രമണങ്ങൾ വർദ്ധിച്ചു വരുന്ന ഗുരുതര സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ കഴിഞ്ഞ അഞ്ച് വർഷം മരണപ്പെട്ടവരുടെ കണക്ക് പരിശോധിച്ചാൽ മനുഷ്യ-വന്യമൃഗ സംഘർഷം കുറഞ്ഞുവരികയാണെന്ന് കാണാൻ കഴിയും. കഴിഞ്ഞ അഞ്ച് വർഷം മരണപ്പെട്ടവരിൽ 55 ശതമാനം ആളുകൾ (230 പേർ) വനത്തിന് പുറത്ത് പാമ്പുകടിയേറ്റാണ് മരിച്ചിട്ടുള്ളത്. 2020 ആഗസ്റ്റിൽ വനം വകുപ്പ് ‘SARPA’ ആപ്പ് പ്രവർത്തനക്ഷമമാക്കിയതിന് ശേഷം വനത്തിനു പുറത്ത് പാമ്പുകടിയേറ്റുള്ള മരണം നാലിലൊന്നായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br><br>മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം (2023-24) 1603 പേർക്ക് പരിക്ക് പറ്റിയ സ്ഥാനത്ത് ഈ സാമ്പത്തിക വർഷം (31/01/2025 വരെ)<br><br>296 പേർക്കാണ് പരിക്ക് പറ്റിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| (ബി) | ജനവാസമേഖലകളും വനവും തമ്മിൽ വേർതിരിക്കുന്നതിന് ഭിത്തി, വേലി എന്നിവ നിർമ്മിക്കുന്നതിനായി നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ജനവാസമേഖലകളും വനവും തമ്മിലുള്ള അതിർത്തി ഇടമുറിയാതെ ഭിത്തിയോ വേലിയോ കെട്ടി വേർതിരിക്കുന്നത് പ്രായോഗികമല്ല. എന്നിരുന്നാലും മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്ന ജനവാസമേഖലകളോടു ചേർന്നു വരുന്ന വനാതിർത്തികളിൽ സോളാർ വേലികൾ, സോളാർ തൂക്കുവേലികൾ, ആനക്കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ചുറ്റുമതിലുകൾ, റെയിൽ വേലികൾ, കൽമതിലുകൾ, ക്രാഷ്ഗാർഡ് വേലികൾ തുടങ്ങിയവ നിർമ്മിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | വനത്തിനുള്ളിൽ തീറ്റയും കുടിവെള്ളവും ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിലാണ് വന്യജീവികൾ നാട്ടിലേക്ക് ഇറങ്ങുന്നത് എന്നത് പരിശോധിച്ചിട്ടുണ്ടോ; | (സി) | പരിശോധിച്ചിട്ടുണ്ട്. വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടന്ന് വരുന്നതിന് വിവിധ കാരണങ്ങളാണുളളത്. വനമേഖലയോട് ചേർന്ന് കിടക്കുന്ന ഭൂപ്രദേശത്തെ കൃഷി രീതി, തെറ്റായ ഭൂവിനിയോഗം, വന്യമൃഗ ഇടനാഴികളുടെയും വനമേഖലയുടെയും ശിഥിലീകരണം, ഭൂപ്രദേശത്തിന്റെ കിടപ്പ്, കാലാവസ്ഥാ വ്യതിയാനം, കളകളുടെ ആധിക്യം, ജന സാന്ദ്രത, മാലിന്യ നിക്ഷേപം, വനമേഖലകളിലെ അശാസ്ത്രീയമായ ടൂറിസം/റോഡ് തുടങ്ങി വിവിധ പദ്ധതി പ്രവർത്തനങ്ങൾ, വനമേഖലകളിൽ ജലത്തിന്റെയും ആഹാരത്തിന്റെയും ലഭ്യതക്കുറവ്, വന്യമൃഗങ്ങളെ ആകർഷിക്കാൻ ഭക്ഷണ പദാർത്ഥങ്ങൾ നൽകുന്നത്, വനമേഖലയോട് ചേർന്ന് പ്രവർത്തിക്കുന്ന അനധികൃത ഫാമുകൾ, കാട്ടുതീ, പരിപാലിക്കാത്ത തോട്ടങ്ങൾ തുടങ്ങി വിവിധ കാരണങ്ങളാലാണ് വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടന്ന് വരുന്നത്.<br><br>കേരളത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷം ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ജനുവരി മുതൽ മെയ് വരെയുള്ള വേനൽക്കാലത്താണ്. കേരളവുമായി വനമേഖല പങ്കിടുന്ന തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നും വേനൽക്കാലമാകുന്നതോടെ വന്യമൃഗങ്ങൾ കൂട്ടത്തോടെ പച്ചപ്പും, തണുപ്പും, ജലവും, ഭക്ഷണവുമുള്ള കേരളത്തിലെ കാടുകളിലേക്ക് ദേശാടനം നടത്താറുണ്ട്. ഇത് കേരളത്തിലെ കാടുകളിലുള്ള മൃഗങ്ങളുടെ സാന്ദ്രത താത്കാലികമായി വർദ്ധിപ്പിക്കുകയും അവയിൽ ചിലത് മനുഷ്യവാസമേഖലകളിലേക്ക് പ്രവേശിക്കുന്നതിന് കാരണമാകുകയും ചെയ്യുന്നതായി കണ്ടുവരുന്നു. |
| (ഡി) | വന്യജീവികൾക്ക് വനത്തിനുള്ളിൽ തീറ്റയും കുടിവെള്ളവും ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്കാവശ്യമായ ആഹാരവും ജലവും ഉണ്ടെന്ന് ഉറപ്പുവരുത്താനും വന്യമൃഗങ്ങൾ ജനവാസമേഖലയിലേക്ക് കടക്കാതിരിക്കാനും വനംവകുപ്പ് വിവിധ നടപടികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കി വരുന്നുണ്ട്. ആയത് ചുവടെ ചേർക്കുന്നു.<br><br>1. വനമേഖലകളിൽ ജലലഭ്യത ഉറപ്പ് വരുത്താനായി വിവിധയിടങ്ങളിലായി 1434 കുളങ്ങൾ/ ചെറുഡാമുകളും, 574 വയലുകളും, വാട്ടർഹോൾസ് തുടങ്ങി 308 ഓളം മറ്റിതര ജലസ്രോതസ്സുകളും നിർമ്മിച്ച് പരിപാലിച്ച് വരുന്നുണ്ട്.<br>2. വേനൽക്കാലത്ത് വനമേഖലയിൽ വന്യമൃഗങ്ങൾക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്നതിനുമായി 2025 ഫെബ്രുവരി |

| | | | |
|---|---|---|---|
| | | | 1 മുതൽ "**മിഷൻ ഫുഡ്, ഫോഡർ & വാട്ടർ"** എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br><br>3.വനത്തിനുള്ളിൽ ഭക്ഷണ ലഭ്യത ഉറപ്പ് വരുത്താൻ അധിനിവേശ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്ത് ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ച് തനത് വൃക്ഷങ്ങൾ നട്ടുവളർത്തുന്ന ഇക്കോ-റെസ്റ്റോറേഷൻ പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ആയതിൻ പ്രകാരം ആകെ 1,583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്. വയനാട് ജില്ലയിലെ അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ഇതിനായി കേരള പേപ്പർ പ്രോഡക്റ്റിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും നബാർഡ്, ആർ.കെ.ഡി.പി. ഫണ്ടുകളും ചില സന്നദ്ധ സംഘടനകളുടെ സേവനവും ഉപയോഗിച്ചു വരുന്നു.<br><br>4. വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണ ലഭ്യത ഉറപ്പ് വരുത്തുന്നതിലേക്കായി വനമേഖലകളിൽ പ്രത്യേകിച്ച് സംരക്ഷിത മേഖലകളിൽ പുതിയ പുല്ല് മുളപ്പിക്കുന്നതിലേക്കായി അനുയോജ്യ സാഹചര്യങ്ങളിൽ Control Burning നടത്തി വരുന്നുണ്ട്.<br><br>5. വയനാട് ജില്ലയിലെ വിവിധ ഡിവിഷനുകളിലും പറമ്പിക്കുളം ടൈഗർ റിസർവിലുമുള്ള വയലുകളുടെ പരിപാലനത്തിനും പുനഃസ്ഥാപനത്തിനുമായി നബാർഡ് വഴി ലഭിച്ച 25 കോടി രൂപയുടെ പ്രവർത്തികൾ വിവിധ ലാൻഡ് സ്കേപ്പുകളിൽ പുരോഗമിച്ചു വരുന്നു.<br><br>6.വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും, കുറ്റിക്കാടുകളും നീക്കം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>7.സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും, ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം- 984

| വർഷം | മനുഷ്യ-വന്യജീവി സംഘർഷത്തിൽ മരണപ്പെട്ട മനുഷ്യരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|---|
| | ആന | കാട്ടുപന്നി | കടുവ | കാട്ടുപോത്ത് | മറ്റുള്ളവ | പാമ്പ് | ആകെ |
| 2020-21 | 27 | 8 | 1 | 0 | 0 | 52 | **88** |
| 2021-22 | 35 | 6 | 1 | 3 | 3 | 65 | **113** |
| 2022-23 | 27 | 7 | 1 | 1 | 5 | 48 | **89** |
| 2023-24 | 22 | 11 | 1 | 4 | 4 | 34 | **76** |
| 2024-25 (*31/01/2025 വരെ) | 12 | 8 | 1 | 0 | 1 | 31 | **53** |
| **ആകെ** | **123** | **40** | **5** | **8** | **13** | **230** | **419** |